**ഭരണഭാഷ മാതൃഭാഷ**

*നമ്പർ.സി5/8/2015/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.09/06/2015.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പരീക്ഷാ ഭവൻ - ജീവനക്കാരുടെ സ്ഥലം മാറ്റം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :

1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പൂജപ്പുരയിലെ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ 01/07/2015-ൽ ഉണ്ടാകുന്ന സീനിയർ ക്ലാർക്കുമാരുടെ (യു.ഡി. ക്ലാർക്ക്) തസ്തികകളിലേക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ/വിവിധ ജില്ലകളിൽ ജോലി നോക്കി വരുന്ന സീനിയർ ക്ലാർക്കുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താൽപര്യമുള്ള സീനിയർ ക്ലാർക്കുമാർ ഇതോടൊന്നിച്ചുള്ള അപേക്ഷ പൂരിപ്പിച്ച് ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം/അഭിപ്രായക്കുറിപ്പു സഹിതം 2015 ജൂൺ 20-ന് വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി നേരിട്ടോ തപാൽ മുഖേനയോ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും, അപൂർണവും, ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്താത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. മുൻകാലങ്ങളിൽ പരീക്ഷാ ഭവനിൽ ജോലി ചെയ്തുവരവെ ഏതെങ്കിലും സ്വഭാവ ദൂഷ്യത്തിനോ മറ്റോ പരീക്ഷാ ഭവനിൽ നിന്നും പുറത്താക്കിയ/അച്ചടക്ക നടപടികൾക്ക് വിധേയരായ ജീവനക്കാർ വീണ്ടും പരീക്ഷാ ഭവനിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല.

2. ഹെഡ് ഓഫീസ് യൂണിറ്റിൽ (പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ടെക്സ്റ്റ്ബുക്ക് ഓഫീസ്) ജോലി നോക്കി വരുന്ന പി.റ്റി.സി.എം./എഫ്.റ്റി.എം., ഓഫീസ് അറ്റൻഡന്റ്, എൽ.ഡി. ടൈപ്പിസ്റ്റ്/യു.ഡി. ടൈപ്പിസ്റ്റ്, ഡ്രൈവർ, ക്ലാർക്ക്/സീനിയർ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവർക്കും പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ 01/07/2015 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഓഫീസ് മേധാവി/യൂണിറ്റ് ഓഫീസർ മുഖേന സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അഞ്ചുവർഷക്കാലത്തേയ്ക്കാണ് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സ്ഥലംമാറ്റം നൽകി നിയമിക്കുന്നത്. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ജീവനക്കാർക്ക് മുൻഗണന ലഭിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
5. എല്ലാ ഹൈസ്കൂൾ പ്രഥമ അധ്യാപകർക്കും.

ഭരണഭാഷ മാതൃഭാഷ

## പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് വിവിധ തസ്തികകളിലേയ്ക്ക് സ്ഥലംമാറ്റത്തിനായുള്ള അപേക്ഷ

1. പേര്, ഉദ്യോഗപ്പേര്, ഫോൺ നമ്പർ :
2. ഇപ്പോൾ ജോലി നോക്കി വരുന്ന ഓഫീസ് :
3. പെൻ നമ്പർ :
4. ജനന തീയതി :
5. സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതി :
6. ആകെ പൂർത്തിയാക്കിയ സേവന കാലം :
7. ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി :
8. പരീക്ഷാ ഭവനിലെ ജോലികളിൽ മുൻ പരിചയം
   എ) ജോലി നോക്കിയ തസ്തിക :
   ബി) ജോലി നോക്കിയ കാലയളവ് :
9. കമ്പ്യൂട്ടർ പരിജ്ഞാനം സംബന്ധിച്ച വിവരങ്ങൾ :
10. വകുപ്പുതല അച്ചടക്ക നടപടികൾ സംബന്ധിച്ച വിവരങ്ങൾ

### പ്രസ്താവന

മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സത്യമാണ്.

തീയതി.

ഒപ്പ് :
പേര് :

### ഓഫീസ് മേധാവിയുടെ അഭിപ്രായക്കുറിപ്പ്

ഓഫീസ് മേധാവി